പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1310 03.12.2015 -ൽ മറുപടിക്ക്

## വില വർദ്ധന

ചോദ്യം

**ശ്രീ.രാജു എബ്രഹാം**

മറുപടി

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ഭക്ഷ്യോത്പന്നങ്ങളുടെ വില വർദ്ധന പിടിച്ചുനിർത്താൻ ഭക്ഷ്യ പൊതു വിതരണ വകുപ്പുവഴി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എ) ഉണ്ട്. സ്വീകരിച്ച നടപടിയുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(ബി) ഭക്ഷ്യോത്പന്നങ്ങൾ സബ് സിഡി നിരക്കിൽ സർക്കാർ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പൊതു വിതരണ ശൃംഖലവഴിയാണ് ഇവ വിതരണം ചെയ്യുന്നത്; വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ പേരും സബ് സിഡി നിരക്കും വ്യക്തമാക്കാമോ;

(ബി) ഉണ്ട്. റേഷൻ കടകൾ വഴിയും സപ്ലൈകോ വഴിയുമാണ് ഇവ വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന ഉത്പ്പന്നങ്ങളുടെ പേരും സബ്സിഡി നിരക്കും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

(സി) ക്രിസ്തുമസ്സിനോടനുബന്ധിച്ച് സാധാരണക്കാർക്ക് ഭക്ഷ്യോത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തിച്ചു കൊടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ ഏജൻസികൾ വഴി എന്തൊക്കെ ഉത്പ്പന്നങ്ങളാണ് ഇത്തരത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; ഇവയുടെ വിതരണം എന്നാരംഭിക്കും ; വ്യക്തമാക്കുമോ ?

(സി) സപ്ലൈകോ 07.12.2015 മുതൽ ക്രിസ്തുമസ് ചന്തകൾ ആരംഭിക്കും. ഈ ചന്തകളിൽ [illegible] ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി, വെളിച്ചെണ്ണ എന്നീ 13 അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിലും കൂടാതെ മറ്റ് ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ സാമ്പാർപൊടി, രസപൊടി, ചിക്കൻ മസാല, പുട്ടുപൊടി, അപ്പം പൊടി തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതു വിപണിയിൽ എത്തിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

ഭക്ഷ്യോത്പന്നങ്ങളുടെ വില വർദ്ധനവ് തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പൊതു വിതരണ ശൃംഖല വഴി കുറഞ്ഞ വിലക്ക് ഭക്ഷ്യ ധാന്യങ്ങളും, പഞ്ചസാരയും നൽകി വരുന്നു. ബി.പി.എൽ കാർഡുടമകൾക്ക് 25 കിലോഗ്രാം അരി 1 രൂപ നിരക്കിലും, 7 കിലോഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നൽകി വരുന്നു. സംസ്ഥാനത്ത് 14.63 ലക്ഷത്തോളം ബി.പി.എൽ കാർഡുടമകൾ നിലവിലുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് കിലോക്ക് 8.90 രൂ പ നിരക്കിൽ 09 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70/- രൂ പ നിരക്കിൽ 2 കിലോ ഗ്രാം ഗോതമ്പും നൽകി വരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 21 ലക്ഷത്തോളം എ.പി.എൽ കാർഡുടമകൾ നിലവിലുണ്ട്. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ടു രൂ പ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (സബ്സിഡി സ്കീം) കിലോക്ക് 2 രൂപ നിരക്കിൽ 09 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70/- രൂ പ നിരക്കിൽ 2 കിലോ ഗ്രാം ഗോതമ്പും നൽകി വരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 41.5 ലക്ഷത്തോളം എ.പി.എൽ സബ്സിഡി കാർഡുടമകൾ നിലവിലുണ്ട്. എ.എ.വൈ. വിഭാഗത്തിൽ പ്പെട്ടവർക്ക് 1/- രൂ പ നിരക്കിൽ 35 കിലോഗ്രാം അരി നൽകി വരുന്നു. എ.എ.വൈ. വിഭാഗത്തിൽ പ്പെട്ട 5.85 ലക്ഷത്തോളം കാർഡുടമകൾ നിലവിലുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരും ആദിവാസി വിഭാഗങ്ങളും വിധവകളും മാരകമായ രോഗം ബാധിച്ചവരുമാണ് ഈ പ ദ്ധതിയിൽ ഉൾപ്പെ ട്ടിരിക്കുന്നത്. അ ന്ന പൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകി വരുന്നു. അ ന്ന പൂർണ്ണ. വി ഭാഗത്തിൽ പ്പെട്ട മുപ്പതിനായിരത്തോളം കാർഡുടമകൾ നിലവിലുണ്ട്. 65 വയസ്സു കഴിഞ്ഞ വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജ നങ്ങളെയാണ് അന്ന പൂർണ്ണ പദ്ധതിയിൽ ഉൾപ്പെ ടുത്തിയിരിക്കുന്നത്. ഇത് കൂടാതെ കിലോഗ്രാമിന് 13.50 രൂ പ നിരക്കിൽ ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും നൽകുന്നുണ്ട്. ഉത്സവ കാലങ്ങളിൽ എല്ലാ കാർഡുടമകൾക്കും 1 കിലോഗ്രാം വീതം സ്പെഷ്യൽ പഞ്ചസാരയും സർക്കാർ നൽകി വരുന്നു. സംസ്ഥാനത്തെ അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ വികലാംഗ സ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സാമൂഹ്യ ക്ഷേമ വകുപ്പിൽ രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പ്രതിമാസം 5 കിലോഗ്രാം അരി 1 രൂപ നിരക്കിലും 2 കിലോഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നൽകി വരുന്നു. സംസ്ഥാനത്ത് ആയിരത്തോളം സ്ഥാപനങ്ങളിലായി അമ്പതിനായിരത്തോളം അന്തേവാസികൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു വരുന്നു. ഒരു രൂപ, രണ്ട് രൂപ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 705 കോടി രൂപ ചെലവായിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 617.57 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇത് കൂടാതെ സപ്ലൈക്കോ മുഖാന്തിരവും അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വില നിലവാരം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടലിനുമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

## അനുബന്ധം-2

### റേഷൻകട വഴി വിതരണം നടത്തുന്ന ഉത്പന്നങ്ങളും സബ്സിഡി നിരക്കും

| ഇനം | എ. പി. എൽ (അളവ്) | വില (കിലോ ഗ്രാമിൽ) | ബി. പി. എൽ (അളവ്) | വില (കിലോ ഗ്രാമിൽ) | എ.എ.വൈ (അളവ്) | വില (കിലോ ഗ്രാമിൽ) |
|---|---|---|---|---|---|---|
| അരി | 9 കിലോ ഗ്രാം | 1) 8.90 രൂപ (എ. പി. എൽ സബ്സിഡി സ്കീമിൽ ഇല്ലാത്തവർക്ക്) 2)2രൂപ (എ. പി. എൽ സബ്സിഡി സ്കീമിൽ ഉള്ളവർക്ക്) | 25 കിലോ ഗ്രാം | 1 രൂപ | 35 കിലോ ഗ്രാം | 1 രൂപ |
| ഗോതമ്പ് | 2 കിലോ ഗ്രാം | 6.70 രൂപ | 7 കിലോ ഗ്രാം | 2 രൂപ | | |
| പഞ്ചസാര | | | 400 ഗ്രാം ഓരോ അംഗത്തിനും | 13.50/ കിലോ ഗ്രാം | 400 ഗ്രാം ഓരോ അംഗത്തിനും | 13.50/ കിലോ ഗ്രാം |
| സപ്ലൈകോ ആട്ട | 2 കിലോ ഗ്രാം | 15 രൂപ | | | | |

### സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉത്പന്നങ്ങളും സബ്സിഡി നിരക്കും

| ക്രമ നം. | ഇനം | നിലവിലെ സബ്സിഡി വില (രൂപ/ കി.ഗ്രാം) |
|---|---|---|
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവരപ്പരിപ്പ് | 65.00 |
| 6 | മുളക് | 75.00 |
| 7 | മല്ലി | 100.00 |
| 8 | പഞ്ചസാര | 22.00 |
| 9 | ജയ അരി | 25.00 |
| 10 | കുറുവ അരി | 25.00 |
| 11 | മട്ട അരി | 24.00 |
| 12 | പച്ചരി | 23.00 |
| 13 | വെളിച്ചെണ്ണ | 110.00 |

സെക്ഷൻ ഓഫീസർ